## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2835 13.7.2015 ൽ മറുപടിയ്ക്ക്

# എറണാകുളം ജില്ലയിലെ ജനസമ്പർക്ക പരിപാടി

**ചോദ്യം**
ശ്രീ.എസ്.ശർമ്മ

**മറുപടി**
ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) എറണാകുളം ജില്ലയിൽ 2015 ഏപ്രിലിൽ നടന്ന ജനസമ്പർക്ക പരിപാടിയിൽ ചികിത്സാ ധനസഹായം ലഭിക്കുന്നതിന് അപേക്ഷ നൽകുകയും നിശ്ചിത തുക അനുവദിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തിട്ടും ഇതുവരെ സഹായധനം ലഭിക്കാതെ അപേക്ഷകർ ബുദ്ധിമുട്ടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ജനസമ്പർക്ക പരിപാടിയിൽ ധാസഹായമായി നിശ്ചിത തുക അനുവദിച്ചതായി പ്രഖ്യാപിച്ചിട്ടുളള എല്ലാ അപേക്ഷകളിലും നടപടി ക്രമം പൂർത്തിയാകുന്ന മുറയ്ക്ക് തുക വിതരണം ചെയ്യുന്നുണ്ട്. |
| ബി) നിശ്ചിത തുക അനുവദിച്ചതായി പ്രഖ്യാപിച്ചതിന് ശേഷവും വില്ലേജ് ഓഫീസറു ടെയും മറ്റും അന്വേഷണ റിപ്പോർട്ടിനായി നിരന്തരം ഓഫീസുകൾ കയറിയിറങ്ങേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ; | ബി) ബന്ധപ്പെട്ട തഹസിൽദാർ/വില്ലേജ് ഓഫീസർ മുഖേന വെരിഫിക്കേഷൻ നടത്താറുണ്ടെങ്കിലും ഇതിനായി അപേക്ഷകർ ഓഫീസുകൾ കയറിയിറങ്ങേണ്ട സാഹചര്യമില്ല. |
| സി) ഇത്തരത്തിലുളള എത്ര അപേക്ഷ കൾക്കാണ് ഇനിയും ധനസഹായം വിതരണം ചെയ്യാനുളളതെന്ന് വ്യക്തമാക്കാമോ? | സി) 5053 അപേക്ഷകളിൽ ധനസഹായം വിതരണം ചെയ്യുവാനുണ്ട്. |

സെക്ഷൻ ഓഫീസർ